# പള്ളിക്കുദാശക്കാലം

## വചന വിചിന്തനം

### പള്ളികുദാശക്കാലം : ഒന്നാം ഞായർ

**മത്താ 16,13 – 19**

"കൂട്ടത്തിൽ കല്ലെറിയാൻ എളുപ്പമാണ്!
ക്രിസ്തു മറ്റുള്ളവർക്ക് ആരാണ് എന്നതിന്
ഒരുപാട് ഉത്തരങ്ങൾ നമുക്ക് സമ്മാനിക്കാം.
എന്നാൽ, ക്രിസ്തു എനിക്കാരാണ് എന്നതാണ് ആത്യന്തികമായ ചോദ്യം!
ആൾക്കൂട്ടത്തിൽ നിന്നകന്ന്
ആഴത്തിലുള്ള ക്രിസ്തുവനുഭവമുള്ളവർക്കേ
ഈ പരീക്ഷയിൽ വിജയിക്കാൻ സാധിക്കൂ!"

ശിമയോന്റെ ഉത്തരത്തിന് ക്രിസ്തു നൽകുന്ന മറുപടി "ഈ ഉത്തരം സമ്മാനിച്ചത് പിതാവായ ദൈവമാണ്!" ദൈവത്തെ വിളിച്ച് അപേക്ഷിക്കുന്നവർക്ക് ഉത്തരങ്ങൾ ലഭിക്കുക തന്നെ ചെയ്യും!

ക്രിസ്തു കേസറിയാഫിലിപ്പിപ്രദേശത്ത് എത്തിയപ്പോൾ ശിഷ്യൻമാർക്ക് ഒരു 'മിഡ് ടേം' പരീക്ഷ നടത്തി. പരീക്ഷയിലെ ഒന്നാമത്തെ ചോദ്യം;

"മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?"

ഒന്നാമത്തെ ചോദ്യം ഏറ്റവും എളുപ്പമുളള ചോദ്യമാണെന്ന് ശിഷ്യൻമാർ പറയുന്ന ഉത്തരത്തിൽ നിന്ന് അടർത്തയെടുക്കാം. കാരണം, മലയാള ശൈലിയിൽ പറയുന്നതുപോലെ വെള്ളം വെള്ളം പോലെയാണ് ശിഷ്യൻ ഉത്തരം പറയുന്നത്. ശിഷ്യർ പറഞ്ഞു:

"ചിലർ സ്നാപകയോഹന്നാൻ എന്നും, മറ്റു ചിലർ ഏലിയാ എന്നും, വേറെ ചിലർ ജറെമിയാ, അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു."

ഒന്നാമത്തെ ചോദ്യത്തിന് നൂറിൽ നൂറ് മാർക്ക് വാങ്ങിയ ശിഷ്യഗണം തെല്ലഹംകാരത്തോട് നിൽക്കുമ്പോൾ ക്രിസ്തു തന്റെ രണ്ടാമത്തെ ചോദ്യം ശിഷ്യൻമാരുടെ മുമ്പിൽ വച്ചു.

"ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?"

ഒന്നാമത്തെ ചോദ്യം തികച്ചും 'ജനറലായ' ചോദ്യമാണ്. എന്നാൽ, രണ്ടാമത്തെ ചോദ്യം കുറിക്ക് കൊള്ളുന്ന ചോദ്യമാണ്. സൂക്ഷിച്ചുനോക്കി തികച്ചും വ്യക്തിപരമായി ഉത്തരം പറയേണ്ട ചോദ്യം. ഒന്നാമത്തെ ചോദ്യത്തിന് വാചാലരായ ക്രിസ്തു ശിഷ്യർ നീണ്ട നിശബ്ദതയിലേയ്ക്ക് വീണു. ഒരു ഉത്തരത്തിന് വേണ്ടി ക്രിസ്തു ഓരോ ശിഷ്യൻമാരുടെ മുഖത്തേയ്ക്കും മാറി മാറി നോക്കി. കുനിഞ്ഞ ശിരസുകൾ മാത്രമാണ് ക്രിസ്തുവിന് കാണാനായത്. മറ്റുള്ളവരുടെ നിശബ്ദതയ്ക്കു മുമ്പിൽ ശിഷ്യപ്രമുഖനായ ശിമയോൻ പത്രോസ് ക്രിസ്തുവിന്റെ ചോദ്യത്തിന് ഉത്തരം സമ്മാനിച്ചു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും, ചരിത്രങ്ങൾ ഏറെ മാറ്റപ്പെട്ടിട്ടും "മിശിഹാവിജ്ഞാനീയത്തിന്റെ" അടിസ്ഥാനമായി പത്രോസ് പറഞ്ഞ ഉത്തരം നിലക്കൊള്ളുന്നു. ശിമയോൻ പത്രോസ് പറഞ്ഞു:

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്."

ശിമയോൻ പത്രോസ് പറഞ്ഞ ഉത്തരത്തിൽ നൂറിൽ നൂറ് മാർക്ക് നൽകിയിട്ട് ക്രിസ്തു അവനോട് അരുളിച്ചെയ്തു:

"യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്."

തുടർന്ന്, ക്രിസ്തു ശിമയോൻ പത്രോസിന്റെ ശരിയുത്തരത്തിന് സമ്മാനമായി കൂട്ടിച്ചേർക്കുകയാണ്:

"നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും."

നീണ്ട പരാതികളുടെ ഭാണ്ഡവും പേറി ദേവാലയത്തിലെ അൾത്താരയ്ക്ക് മുമ്പിൽ പ്രാർത്ഥനയുടെ കരങ്ങൾ വിരിക്കുമ്പോൾ ക്രിസ്തു ചോദിക്കുന്ന രണ്ട് ചോദ്യങ്ങൾ ഒരു പക്ഷെ ഇതുതന്നെയായിരിക്കാം.

1. ഞാൻ ആരാണ് എന്നാണ് ജനങ്ങൾ പറയുന്നത്?
2. ഞാൻ ആരാണ് എന്നാണ് നീ പറയുന്നത്?

ഈ രണ്ട് ചോദ്യങ്ങൾക്ക് ശരിയുത്തരം സമ്മാനിക്കുന്നവർക്ക് ക്രിസ്തു ശിമയോൻ പത്രോസിന് നൽകുന്നതുപോലെയുള്ള വലിയ സമ്മാനങ്ങൾ കൊണ്ട് സമ്പന്നരാകാം! പരീക്ഷകൾ വരുമ്പോൾ ആധിയാണ് നമ്മുക്ക്. എന്നാൽ, പരീക്ഷയ്ക്ക് മുമ്പ് ചോദ്യപേപ്പർ കിട്ടിയാൽ വലിയ സന്തോഷമാണ്. സ്വർഗ്ഗരാജ്യത്ത് ചെല്ലുമ്പോൾ ക്രിസ്തു ചോദിക്കാൻ പോകുന്ന ചോദ്യങ്ങൾ സമ്മാനിക്കുകയാണിവിടെ, "ഞാൻ ആരാണ് എന്നാണ് നീ പറയുന്നത്? ഞാൻ നിനക്ക് ആരായിരുന്നു?" അർത്ഥം മനസ്സിലാക്കി ശരിയുത്തരം സമ്മാനിക്കുന്നവർക്കെല്ലാം ക്രിസ്തു സ്വർഗ്ഗം സമ്മാനിക്കും.

സൈന്യങ്ങളുടെ കർത്താവായ ദൈവത്തെ പ്രതി തീക്ഷ്ണതയാൽ ജ്വലിച്ചവനാണ് ഏലിയ. എങ്കിൽ, പിതാവായ ദൈവത്തെപ്രതി തീക്ഷ്ണതയാൽ ജ്വലിച്ചവനാണ് ക്രിസ്തു! ഫലമോ, ജനകൂട്ടം വിളിച്ച് പറയുകയാണ്, ക്രിസ്തു പ്രവാചകനിലൊരുവനായ ഏലിയ ആണെന്ന്!

ക്രിസ്തു ചോദിക്കുന്ന ചോദ്യം അന്നും ഇന്നും ഏറെ പ്രസക്തമാണ്. ഭാര്യ ഭർത്താവിനോടും ഭർത്താവ് ഭാര്യയോടും മക്കൾ മാതാപിതാക്കളോടും മാതാപിതാക്കൾ മക്കളോടും ചോദിക്കേണ്ട അർത്ഥവത്തായ ചോദ്യമാണ് ക്രിസ്തു ശിഷ്യൻമാരുടെ അടുത്ത് ചോദിക്കുന്നത്,

1. ഞാൻ ആരാണ് എന്നാണ് മറ്റുള്ളവർ പറയുന്നത്?
2. ഞാൻ ആരാണ് എന്നാണ് നീ പറയുന്നത്?

എന്റെ ഈ ചോദ്യത്തിന് എന്റെ ജീവിത പങ്കാളി, എന്റെ മക്കൾ, എന്റെ മാതാപിതാക്കൾ സമ്മാനിക്കുന്ന ഉത്തരമെന്തായിരിക്കും? പലപ്പോഴും, ചെറിയ ചെറിയ കാര്യങ്ങൾക്കുവേണ്ടി കുടുംബബന്ധങ്ങൾ ശിഥിലമാകുമ്പോൾ ഈ ചോദ്യങ്ങൾക്കുള്ള പ്രസക്തി വലുതാണ്. കഴിഞ്ഞ ദിവസം കേട്ട ഹൃദയസ്പർശിയായ സംഭവങ്ങളിൽ ഒന്ന് ഇപ്രകാരമാണ്.

പതിനാറു വയസുള്ള ആ മകൻ അമ്മയോട് ചോദിച്ചു.

"അമ്മെ എന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ എനിക്ക് എന്ത് സമ്മാനമാണ് തരുന്നത്?"

ആ അമ്മ പറഞ്ഞു;

"പതിനെട്ടാമത്തെ പിറന്നാൾ വരാൻ ഇനി വർഷങ്ങൾ ഉല്ലോ മോനെ! അത് അന്ന് തീരുമാനിക്കാം..."

മകന് 17 വയസ്സ് കഴിഞ്ഞു ഒരു ദിനം പെട്ടെന്നു അവൻ ബോധമറ്റു

നിലത്തു വീണു. അവന്റെ അമ്മ അവനെ ഒരു ആശുപത്രിയിൽ വളരെ പെട്ടന്നു തന്നെ എത്തിച്ചു. വിദക്ത പരിശോധനക്ക് ശേഷം ഡോക്ടർ പറഞ്ഞു;

"സോദരി നിങ്ങളുടെ മകന്റെ ഹൃദയം തകരാറിലാണ്..."

സ്ട്രെചെറിൽ ഒന്നും അറിയാതെ കിടക്കുന്ന മകൻ അമ്മയുടെ കരച്ചിൽ കണ്ടു അതീവ ദുഃഖിതനായി. അവൻ അമ്മയോട് ചോദിച്ചു;

''അമ്മെ ഞാൻ മരിച്ചുപോകും എന്നാണോ ഡോക്റ്റർ പറഞ്ഞത്?''

ഒരു പൊട്ടിക്കരച്ചിൽ മാത്രമായിരുന്നു അമ്മയുടെ മറുപടി. ഒരു വലിയ ശാസ്ത്ര ക്രിയക്ക് ഒടുവിൽ അവൻ പൂർണ്ണ സൗഖ്യമായി ആശുപത്രി വിട്ടു! അവൻ വീട്ടിലെത്തി അവന്റെ അമ്മയെ കാണാൻ അവന്റെ കണ്ണുകൾ പരതുമ്പോൾ അവനു അവന്റെ കിടക്കയിൽ നിന്നും ഒരു കത്ത് കിട്ടി.

"മകനെ, നീ ഇപ്പോൾ ഈ കത്ത് വായിക്കുന്നു. അതിനർത്ഥം എന്റെ മകൻ പൂർണ്ണസൗഖ്യം പ്രാപിച്ചു നമ്മുടെ വീട്ടിൽ എത്തി എന്നാണു. മോനെ, നീ ഓർക്കുന്നുവോ നീ ഒരിക്കൽ ചോദിച്ചു നിന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ മോന് എന്ത് സമ്മാനം തരുമെന്ന്? എന്റെ മോന് അമ്മ തന്ന സമ്മാനം എന്താണ് എന്ന് അറിയണ്ടേ? അത് അമ്മയുടെ ഹൃദയം തന്നെയാണ്. എന്റെ മോൻ അത് നന്നായി സൂക്ഷിച്ചു വെക്കണം. എന്റെ പൊന്ന് മോന് ഒരു നൂറു ജന്മ ദിന ആശംസകൾ... സ്നേഹത്തോടെ അമ്മ."

ആ അമ്മ മകന് ഹൃദയ ദാനം ചയ്യാൻ ജീവൻ ത്യാഗം ചെയ്തു. അമ്മയുടെ സ്നേഹത്തിൽ കവിഞ്ഞു മറ്റൊരു സ്നേഹം ഇന്ന് ലോകത്തിൽ ഇല്ല! ഒരുപക്ഷെ, ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ഒരു കഥമാത്രമാകാം ഇത്. എങ്കിലും, ഞാൻ നിനക്ക് ആരാണ് എന്നുള്ള അമ്മയുടെ ചോദ്യത്തിന് ഇന്ന് ആ മകന് ഒരുപാട് ഉത്തരങ്ങൾ ഉണ്ടാകും. ഞാൻ നിനക്ക് പ്രിയപ്പെട്ടവനോ പ്രിയപ്പെട്ടവളോ ആകുന്നത്, എന്റെ സുഖങ്ങൾക്ക് വേണ്ടി നിന്റെ സുഖങ്ങളെ ബലികഴിക്കുമ്പോഴല്ല. മറിച്ച്, നിന്റെ സുഖങ്ങൾക്ക് വേണ്ടി എന്റെ സുഖങ്ങളെ വ്യയം ചെയ്യുമ്പോഴാണ് എന്ന് തിരിച്ചറിയാൻ സാധിക്കണം.

ക്രിസ്തുവിന്റെ ജീവിതശൈലി സ്നപകയോഹന്നാന്റെ ജീവിതശൈലിയെ ഓർമ്മപ്പെടുത്തുന്നവയായിരുന്നു... സത്യത്തിനും നീതിക്കും വേണ്ടി നിലകൊണ്ട വലിയ വ്യക്തിത്വം!

ക്രിസ്തുവിന്റെ വ്യക്തിപരമായ ചോദ്യം; ''ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?'' ഈ ചോദ്യത്തിൻ "മിശിഹാവിജ്ഞാനിയത്തിന്റെ" അടിസ്ഥാനമായി ശിമയോൻ പത്രോസ് പറഞ്ഞു: ''നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്." ഒരായുസ് മുഴുവൻ ക്രിസ്തു തന്റെ ജീവിതം പിതാവായ ദൈവത്തിനും ക്രിസ്തുശിഷ്യൻമാർക്കും വേണ്ടി വ്യയം ചെയ്തതിന്റെ സമ്മാനമാണ്. വിലയുള്ളത് നേടാൻ വലിയ വില കൊടുത്ത ക്രിസ്തുവും നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും ഇതു തന്നെയാണ്!

**"കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു!"**

1 യോഹ 3,1

ഫാ. ജോബി മേനോത്ത്
+91 944 7777 931